പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284 13-3-2018 ലെ മറുപടിക്ക്

## ചെറുകിട കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു<br>" ഇ.പി.ജയരാജൻ<br>" ജോർജ് എം.തോമസ്<br>" യു.ആർ.പ്രദീപ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഉദാരീകരണ നയത്തിന്റെ ഫലമായി വ്യാപാര നിയന്ത്രണങ്ങൾ ഇല്ലാതായതും സബ്സിഡി വെട്ടിക്കുറച്ചതും സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിനു കാരണമായതുവഴി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലയിടിവിനുള്ള ഒരു പ്രധാന കാരണം നാണ്യവിളകളുടെ ഇറക്കുമതിയുമായുള്ള നയങ്ങളാണ് . ഇവ പുന:പരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണ മെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളക് കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില കിലോഗ്രാമിന് 500/- രൂപയാക്കി കേന്ദ്രസർക്കാർ ഉറപ്പിച്ചിട്ടുണ്ട്. സുഗന്ധ വ്യജ്ഞനങ്ങൾ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ കൃഷിക്ക് കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് സുഗന്ധ വിളവികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | കുരുമുളക്, ജാതി, ഗ്രാമ്പു എന്നിവയുടെ വിള വ്യാപനത്തിൽ ഹെക്ടറിന് 20,000/- രൂപ വീതം ധനസഹായം നൽകുന്നു. ഗുണമേന്മയുള്ള കുരുമുളക് തൈകൾ വ്യാപകമായി ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് 30,000/- രൂപ വീതം ധനസഹായം നൽകുന്നു. കൂടാതെ കുരുമുളക് തോട്ടത്തിന്റെ പുന:രുദ്ധാരണത്തിനായി ഹെക്ടറിന് 7500/- രൂപ സഹായം നൽകുന്നു. വയനാട് പാക്കേജ് പദ്ധതിയിലും സുഗന്ധവിള കൃഷിയുടെ വ്യാപനത്തിനും പുന:രുദ്ധാരണത്തിനുമായി വിവിധ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) ചെറുകിട കർഷകർ വിലത്തകർച്ച കൊണ്ട് പാപ്പരാക്കപ്പെട്ട് കൂലിവേലക്കാരായും തൊഴിലുറപ്പ് തൊഴിലാളികളായും മാറാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ചെറുകിട കർഷകരുടെ ഭൂമിയിലുള്ള കൃഷി കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കർഷകരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പ്രകടമല്ലാത്തതും, അളക്കാൻ പറ്റാത്തതും ആവർത്തന സ്വഭാവമുള്ള കൃഷി പണികൾ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമപ്രകാരം അനുവദനീയമല്ല. |
| (സി) യന്ത്രവൽകൃതവും ആധുനിക രീതിയിലുള്ളതുമായ കൃഷി രീതികൾ വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ? | (സി) ഉണ്ട്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഒരു പ്രധാന പ്രതിബന്ധമാണ് കർഷകത്തൊഴിലാളിക്ഷാമം. ഇതിനുള്ള ഉത്തമ പരിഹാരമാണ് കാർഷിക യന്ത്രവൽക്കരണം. കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം ബ്ലോക്ക്തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങളും പഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുന്നു. |

| | |
|---|---|
| | കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കാനൈസേഷൻ (എസ്.എം.എ.എം) പ്രകാരവും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം) പദ്ധതിയിൽ ഉൾപ്പെടുത്തിയും യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം സ് പ്രേയറുകൾക്കുള്ള ധനസഹായവും നൽകിവരുന്നു. ആധുനിക കൃഷിരീതികളായ പച്ചക്കറികൾക്കുള്ള മിനി പോളിഹൗസ് കൃഷിരീതി, മഴമറയിലുള്ള പച്ചക്കറി കൃഷി, കൃത്യതാകൃഷി, ഫെർട്ടിഗേഷനോടു കൂടിയ സൂക്ഷ്മ ജലസേചനം ഉപയോഗിച്ചുള്ള കൃഷി എന്നിവ ഉൾപ്പെടുന്ന ഹൈടെക് കൃഷി, പൂക്കളുടെ കൃഷി, ജൈവ കൃഷി, ഉത്തമ കാർഷിക മുറകൾ അവലംബിച്ചുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇത്തരം കൃഷി രീതികളെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നതിന് കൃഷി വകുപ്പിന്റെ വിജ്ഞാന വ്യാപന വിഭാഗവും പരിശീലന വിഭാഗവും നേതൃത്വം നൽകുന്നു. |

അണ്ടർ സെക്രട്ടറി